# സിവിൽസമൂഹത്തിന്റെ രാഷ്ട്രീയം തിരിച്ചു പിടിയ്ക്കുക

ടി.ടി. ശ്രീകുമാർ

മൂന്നാം ലോകരാജ്യങ്ങൾ പൊതുവേയും ഇൻഡ്യ വിശേഷിച്ചും ഞാൻ സൈബർ ലിബർട്ടേറിയൻ വികസനവാദം എന്നു വിശേഷിപ്പിയ്ക്കാനാഗ്രഹിയ്ക്കുന്ന ഒരു പ്രത്യയശാസ്ത്രസമീപനത്തിന്റെ പിടിയിൽ അമർന്നിരിയ്ക്കുന്ന സന്ദർഭത്തിൽ പുതിയ സാമൂഹികപ്രസ്ഥാനങ്ങളുടെ രാഷ്ട്രീയത്തെക്കുറിച്ചും സിവിൽസമൂഹത്തിന്റെ ഘടനയെയും സ്വഭാവത്തെക്കുറിച്ചും പുനർവിചിന്തനങ്ങൾക്ക് പ്രസക്തി വർദ്ധിച്ചിരിയ്ക്കുകയാണ്. ഇൻഡ്യൻ സമ്പദ്വ്യവസ്ഥയുടെ ഓരങ്ങളിലുള്ളതും, എന്നാൽ ലോകതൊഴിൽ വിഭജനത്തിന്റെ ചങ്ങലയിലെ പ്രധാന കണ്ണിയുമായ വിവരസാങ്കേതികവിദ്യയുടെ മേഖലകളിൽ സോഫ്റ്റ്വെയർ കയറ്റുമതിയുമായി ബന്ധപ്പെട്ടുണ്ടായ ചലനങ്ങളിൽനിന്ന് ഊർജ്ജംനേടി വികസനത്തെ സാങ്കേതികവിദ്യയുമായി ചേർത്തു വായിക്കുന്ന സാമ്പത്തിക അർദ്ധസാക്ഷരത വ്യാപകമായിരിയ്ക്കുന്നു. ഡിജിറ്റൽ വിഭജനമാണ് ഏറ്റവും വലിയ സാമ്പത്തിക സാങ്കേതിക വിഭജനമെന്നും ഇതു പരിഹരിക്കുന്നതിലൂടെ മാത്രമേ വികസന അസമത്വങ്ങൾക്ക് പരിഹാരം കാണാനാവുകയുള്ളു എന്നും പ്രചരിപ്പിയ്ക്കുന്ന സൈബർ ഉദാരവാദം ഭരണകൂടനയങ്ങളെയും സിവിൽസമൂഹത്തിലെ സാങ്കേതികോന്മുഖമായ ഇടപെടലുകളെയും നിർണ്ണയിക്കുന്ന മുഖ്യധാരാസമീപനമായി മാറിയിരിക്കുകയാണ്. വികസനം, സിവിൽ സമൂഹം, സാങ്കേതികവിദ്യ, ഭരണകൂടം, പുതിയ സാമൂഹികപ്രസ്ഥാനങ്ങൾ എന്നിവയെക്കുറിച്ചുള്ള സമകാല വ്യവഹാരത്തിന് സർവ്വതലസ്പർശിയായി ഉയർന്നു വരുന്ന ഈ സൈബർ ഉദാരവാദത്തിന്റെ നിഗമനങ്ങളോടും നിർണ്ണയനങ്ങളോടും മുഖം തിരിഞ്ഞു നില്ക്കാൻ കഴിയില്ല. പോസ്റ്റ്മാർക്സിസത്തിന്റെ ശക്തമായ ഒരു ധാരതന്നെ സൈബർ ഉദാരവാദത്തിന്റെ വക്താക്കളായി മാറിയിട്ടുണ്ടെന്നത് കൂടി കണക്കിലെടുക്കുമ്പോൾ ഈ പ്രതിഭാസത്തിന്റെ രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ വ്യാപനത്തിന്റെ ഒരേകദേശ സ്വഭാവം വ്യക്തമാവുന്നതാണ്. വിവരസാങ്കേതികവിദ്യയുടെ വികാസം അധികാരഘടനകളുടെ വിഘടനത്തിനും, അതുവഴി ജനാധിപത്യവത്ക്കരണത്തിനും വഴിമരുന്നാവുമെന്ന വീക്ഷണം ഉയർത്തിപ്പിടിച്ച സാങ്കേതിക നിർണ്ണയവാദികളുടെ കൂട്ടത്തിൽ "പുതിയ കാല"ത്തെക്കുറിച്ച് വാചാലരായ "മാർക്സിസം ടുഡേ"യുടെ പത്രാധിപന്മാരും ഉണ്ടായിരുന്നു എന്നത് യാദൃച്ഛികമല്ല. "അധികാരത്തിന്റെ പിരമിഡുകളെ വിവരസാങ്കേതികവിദ്യ നേരിട്ട് തകർക്കു"മെന്ന് വിളിച്ചു പറയാൻ അവർക്കു മടിയുണ്ടായിട്ടില്ല. ചുരുക്കിപ്പറഞ്ഞാൽ ഉല്പാദനശക്തികളുടെ വികാസമായി ചരിത്രവികാസത്തെ ചുരുക്കിക്കാണുന്ന മാർക്സിസ്റ്റ് ചിന്തകരും, വികസന പ്രത്യയശാസ്ത്രത്തിന്റെ വക്താക്കളായ ഉദാരവാദികളും പുത്തൻ സാമൂഹികപ്രസ്ഥാനങ്ങളുടെ "വികസന വിരുദ്ധത"യ്ക്കെതിരെ കൈകോർക്കുന്ന ചിത്രമാണ് നാം കാണുന്നത്. സാങ്കേതിക വിദ്യയോടുള്ള ഈ മാർക്സിസ്റ്റ്-ഉദാരവാദസമീപനങ്ങളാണ് ഇന്ന് പുത്തൻ സാമൂഹികപ്രസ്ഥാനങ്ങൾ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. കേരളത്തിൽ എക്സ്പ്രസ് ഹൈവേയ്ക്കെതിരെ രൂപംകൊണ്ട സമരത്തെയും പ്ലാച്ചിമടയിലെ കൊക്കോകോള വിരുദ്ധസമരത്തെയും അപഹസിയ്ക്കുന്നതിന് ഈ പോസ്റ്റ് മാർക്സിസ്റ്റ് വികസന ഉദാരവാദ അച്ചുതണ്ട് ചെറുതല്ലാത്ത പരിശ്രമമാണ് നടത്തിയിട്ടുള്ളത്. ഉല്പാദനശക്തികളുടെ വികസനത്തിലൂന്നിയുള്ളതും സാമ്പത്തികവളർച്ചയുടെ പ്രത്യയശാസ്ത്രത്തിലധിഷ്ഠിതവുമായ ഈ പോസ്റ്റ് മാർക്സിസ്റ്റ് വികസന ഉദാരവാദം പുത്തൻ സാമൂഹികപ്രസ്ഥാനങ്ങൾ 'യാഥാസ്ഥിതിക' ത്വത്തിന്റെ രാഷ്ട്രീയമാണ് ഉയർത്തിപ്പിടിയ്ക്കുന്നതെന്ന ആരോപണമാണ് നിരന്തരം ഉന്നയിയ്ക്കുന്നത്. ഇതിനായി ചില ലേഖകർ ആഗോളവൽക്കരണത്തിന്റെ മേന്മകളെക്കുറിച്ച് വാചാലരാവുകയും പുത്തൻ സാമൂഹിക പ്രസ്ഥാനങ്ങൾ "കൂപമണ്ഡൂക"ങ്ങളാണെന്ന് പരിഹസിയ്ക്കുകയും ചെയ്യുന്നു. മറ്റു ചിലരാവട്ടെ, ഒരു ഭാവനാ യാഥാസ്ഥിതികസമൂഹത്തെ ചരിത്രത്തിൽനിന്നു സൃഷ്ടിച്ചെടുക്കുന്നു. ഇൻഡ്യയിലെ ബ്രാഹ്മണ്യവരേണ്യ വർഗ്ഗത്തിന്റെ പ്രത്യയശാസ്ത്രം സാങ്കേതികവിദ്യാ വിരുദ്ധമാണെന്ന ചരിത്രത്തിനു നിരക്കാത്ത വാദങ്ങളും ഉയർന്നുവന്നിട്ടുണ്ട്. കാശ്മീരിബ്രാഹ്മണനായ ഇൻഡ്യയുടെ ആദ്യത്തെ പ്രധാനമന്ത്രി ഭക്രാനംഗൽ അണ

**കേരളത്തിൽ എക്സ്പ്രസ് ഹൈവേയ്ക്കെതിരെ രൂപംകൊണ്ട സമരത്തെയും പ്ലാച്ചിമടയിലെ കൊക്കോകോള വിരുദ്ധസമരത്തെയും അപഹസിയ്ക്കുന്നതിന് ഈ പോസ്റ്റ് മാർക്സിസ്റ്റ് വികസന ഉദാരവാദ അച്ചുതണ്ട് ചെറുതല്ലാത്ത പരിശ്രമമാണ് നടത്തിയിട്ടുള്ളത്.**

ക്കെട്ട് "രാഷ്ട്രത്തിന് സമർപ്പി"ച്ചുകൊണ്ട് പറഞ്ഞത് ഇത്തരം അണക്കെട്ടുകൾ ആധുനിക ഭാരതത്തിന്റെ അമ്പലങ്ങളാണെന്നാണ്. സാങ്കേതികവിദ്യയുടെ പുതിയ അമ്പലങ്ങൾ പണിഞ്ഞു മുന്നേറുന്ന ഇൻഡ്യൻ ബ്രാഹ്മണ്യം ഇന്ന് നർമ്മദയിൽ ആദിവാസികളെ മുക്കിക്കൊന്നും, ഏറ്റവും വേഗതകൂടിയ യുദ്ധവാണങ്ങൾ നിർമ്മിയ്ക്കുന്ന മുസ്ലീംശാസ്ത്രജ്ഞനെ രാഷ്ട്രപതിയാക്കി കലാംഅയ്യർ എന്നു വിളിച്ചും, വിവര സാങ്കേതികവിദ്യയുടെയും ബയോടെക്നോളജിയുടെയുമൊക്കെ വ്യാപനത്തിന്റെ ചുക്കാൻ പിടിയ്ക്കാൻ സ്വാമിനാഥന്മാരെയും കോസ്ലമാരെയും അണിനിരത്തിയും മുന്നോട്ടു പോവുകയാണ്. മറ്റൊരർത്ഥത്തിൽ പോസ്റ്റ്-മാർക്സിസ്റ്റ്-വികസന ഉദാരവാദ അച്ചുതണ്ടിന്റെ ഗുണഭോക്താക്കൾ ഇൻഡ്യയിലെ വരേണ്യബ്രാഹ്മണ്യമാണ് എന്നത് യാദൃച്ഛികമല്ല. മാർക്സിസവും മതവും ബൂർഷ്വാ ഉദാരവാദവും ഒരുപോലെ ആക്രമിയ്ക്കുന്ന രാഷ്ട്രീയ-ദാർശനിക യുദ്ധമുഖത്താണ് പുത്തൻ സാമൂഹികപ്രസ്ഥാനങ്ങൾ ഇന്ന് നിലനില്പിനായി പൊരുതുന്നത്.

## ചിതറിയ സിവിൽ സമൂഹവും ജനാധിപത്യവും

എന്നാൽ കൂടുതൽ അസ്വാസ്ഥ്യജനകമായ വസ്തുത, പുത്തൻ സാമൂഹികപ്രസ്ഥാനങ്ങൾ നിലയുറപ്പിച്ചിട്ടുള്ള സിവിൽ സമൂഹത്തിന്റെ ഭൂമി ശിഥിലമായിക്കൊണ്ടിരിയ്ക്കുന്നു എന്നതാണ്. സിവിൽ സമൂഹം ബൂർഷ്വാസമൂഹങ്ങളിൽ രൂപംകൊള്ളുന്നതു മനുഷ്യാവശ്യങ്ങളുടെ പൂർത്തീകരണത്തിനായുള്ള സാമ്പത്തിക മണ്ഡലമായിട്ടാണ്. കുടുംബത്തിനും ഭരണകൂടത്തിനുമിടയിലുള്ള അന്തരാളഘട്ടമായി ഹേഗലും സാമ്പത്തിക ബന്ധങ്ങളുടെ മണ്ഡലമായി മാർക്സും, രാഷ്ട്രീയാധീശത്വത്തിന്റെ വരേണ്യ പ്രത്യയശാസ്ത്രങ്ങൾ "പൊതുസമ്മിതി" നേടിയെടുക്കുന്ന ഉപരിഘടനാപ്രതിഭാസമായി ഗ്രാംഷിയും സിവിൽസമൂഹത്തെ നിർവ്വചിച്ചിട്ടുണ്ട്. സിവിൽസമൂഹം ഒരു സന്ദിഗ്ദ്ധ സമുച്ചയമാണ്. ജനാധിപത്യവും വിപ്ലവാത്മകതയും അതിൽ മുൻകൂറായി നിലനില്ക്കുന്നില്ല. പ്രയോഗമാണ് സിവിൽസമൂഹത്തെ രാഷ്ട്രീയവത്ക്കരിയ്ക്കുന്നത്. സിവിൽസമൂഹത്തെക്കുറിച്ചുള്ള ഹേഗലിന്റെ നിരീക്ഷണം ഈ പ്രശ്നത്തിൽ ഉപരിചിന്തകൾക്ക് പ്രയോജനപ്പെടുന്നതാണ്. സിവിൽസമൂഹത്തിന്റെ അനിവാര്യത ഹേഗൽ മനസ്സിലാക്കിയിരുന്നു. കുടുംബത്തിനും ഭരണകൂടത്തിനുമിടയിലുള്ള സംക്രമണഘട്ടമായി സിവിൽസമൂഹത്തെ നിർവ്വചിയ്ക്കുമ്പോൾ അതിനെ ഒരു കാര്യകാരണബന്ധമായല്ല അദ്ദേഹം തിരിച്ചറിഞ്ഞത്. "ആശയ" (അതേ, കേവലാശയം)ത്തിന്റെ ഒരു ഭാഗമാണ് സിവിൽസമൂഹവും. "ആശയം", "ചരിത്ര"മായി മനസ്സിലാക്കപ്പെടുമ്പോൾ (മാർക്സ്) സിവിൽസമൂഹം ചരിത്രത്തിന്റെ അനിവാര്യതയാവുന്നു. വ്യക്തികളുടെ ആഗ്രഹപൂർത്തീകരണത്തിനുതകുന്ന അടിസ്ഥാനാവശ്യങ്ങളുടെ പൂർത്തീകരണത്തിനുതകുന്ന വിനിമയമാണ് സിവിൽസമൂഹത്തിൽ നടക്കുന്നത്. തൊഴിൽ വിഭജനവും വിനിമയവും ഇതിന്റെ സ്വഭാവത്തെ നിർണ്ണയിക്കുന്ന പ്രതിഭാസങ്ങളാണ്. അതുകൊണ്ടുതന്നെ മൂലധനവുമായി ബന്ധപ്പെടുത്തിയാണ് ഹേഗൽ സിവിൽസമൂഹത്തിന്റെ പ്രസക്തി നിർണ്ണയിക്കുന്നത്: ആത്മനിഷ്ഠവും സ്വന്തം ആവശ്യപൂരണത്തിനുമായുള്ള പരസ്പരബന്ധത്തിലാണ് വ്യക്തികൾ നിലനില്ക്കുന്നത്. ഒരാൾ സ്വന്തം ആഗ്രഹപൂരണത്തിനുവേണ്ടി ചെയ്യുന്നത് എല്ലാവർക്കുംവേണ്ടിയുള്ളതാവുന്ന ഒരു പാരസ്പര്യം. ഈ പരസ്പരാരാശ്രിതത്വം പ്രത്യക്ഷപ്പെടുന്നത് സാർവ്വലൗകിക സ്ഥിരമൂലധനമായിട്ടാണ് (universal permanent capital). ഈ സാർവ്വലൗകിക മൂലധനമാണ് ഓരോരുത്തർക്കും ജോലി ചെയ്യാനും ജീവസന്ധാരണത്തിനുമുള്ള അവസരമൊരുക്കുന്നത്. ഇതാവട്ടെ "പൊതു മൂലധനം" (general capital) വർദ്ധിപ്പിയ്ക്കുന്നു. സിവിൽ സമൂഹത്തിന്റെ രാഷ്ട്രീയത്തെ ഇന്ന് ഗ്രസിച്ചിരിയ്ക്കുന്ന "സാമൂഹിക-മൂലധനം" (social capital) എന്ന സങ്കല്പനത്തിന്റെ യഥാർത്ഥ വേരുകൾ ഹേഗലിന്റെ ഈ സാർവ്വലൗകിക സ്ഥിരമൂലധനമെന്നും പൊതുമൂലധനമെന്നുമുള്ള വിഭജനത്തിലും സിവിൽ സമൂഹവുമായുള്ള അവയുടെ ബന്ധത്തിലുമാണ് കണ്ടെത്താൻ കഴിയുന്നത്. എന്നാൽ ഈ സിവിൽ സമൂഹസങ്കല്പം ജനാധിപത്യപരമാണ് എന്ന് പറയാൻ കഴിയുമോ എന്നതാണ് ഈ പ്രശ്നത്തിൽ ഉപരിചിന്തകൾ അവതരിപ്പിയ്ക്കുമ്പോൾ നമ്മുടെ മുമ്പിൽ ഉയരുന്ന പ്രധാന ചോദ്യം.

സിവിൽ സമൂഹത്തെക്കുറിച്ചുള്ള ഹേഗലിന്റെ കാഴ്ചപ്പാടുകൾക്ക് ആദംസ്മിത്തിന്റെ രാഷ്ട്രീയ സമ്പദ്ശാസ്ത്രവുമായി ബന്ധമുണ്ട്. മാർക്സിന്റെ "മൂലധനം" തന്നെയും ഈ രണ്ടു ചിന്തകരുടെയും അഭിപ്രായങ്ങളോടുള്ള പ്രതികരണം കൂടിയാണെന്നത് സുവിദിതമാണല്ലോ. സ്മിത്തിന്റെയും ഹേഗലിന്റെയും നിർവ്വചനങ്ങളിൽ സിവിൽസമൂഹം "സ്വാതന്ത്ര്യ"ത്തിന്റെ മണ്ഡലമാവുന്നതെങ്ങനെയാണെന്ന് തിരിച്ചറിഞ്ഞാൽ മാത്രമേ ആ സങ്കല്പം അപ്പാടെ സമകാല ചർച്ചകളിലേയ്ക്ക് ഇറക്കുമതി ചെയ്യുന്നതിന്റെ അപകടങ്ങൾ മനസ്സിലാവുകയുള്ളു. ഇതു തിരിച്ചറിയുന്നതിന് ഏതു സന്ദർഭത്തിലാണ് സിവിൽസമൂഹം സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും മണ്ഡലമാവുന്നത് എന്നു മനസ്സിലാക്കണം. ഈ സന്ദർഭം മനസ്സിലാക്കുന്നതിന്, എന്തിൽനിന്നുള്ള സ്വാതന്ത്ര്യമാണ് വിപണിയ്ക്കും സിവിൽസമൂഹത്തിനും അനുപേക്ഷണീയമായിരുന്നത് എന്ന് ചരിത്രപരമായി മനസ്സിലാക്കണം. ആദംസ്മിത്ത് 'വിപണി'യെയും ഹേഗൽ സിവിൽസമൂഹത്തെയും വേറിട്ടു കണ്ടത് ഫ്യൂഡൽ രാജാധികാര ഭരണകൂടത്തിൽനിന്നാണ്. രാജാധികാരത്തിന്റെ കൈകടത്തലില്ലാതെ സ്വതന്ത്രമായി പ്രവർത്തിയ്ക്കാൻ സ്വന്തമായ നിയമങ്ങളുള്ള ഒരു "വിപണി"യെയും അടിസ്ഥാനാവശ്യങ്ങളുടെ പൂർത്തീകരണത്തിനുതകുന്ന ഒരു സ്വതന്ത്രമണ്ഡലത്തെയും വിഭാവന ചെയ്തുകൊണ്ടായിരുന്നു സാമ്പത്തികശാസ്ത്രം എന്ന സൈദ്ധാന്തിക സമീപനം ഭരണകൂടേതരമായ ഒരു "ഇട"ത്തെക്കുറിച്ച് വാചാല

**പുത്തൻ സാമൂഹികപ്രസ്ഥാനങ്ങളെ തള്ളിപ്പറയുകയും അവയുടെ രാഷ്ട്രീയത്തിന്റെ ചില അംശങ്ങൾ സ്വാംശീകരിയ്ക്കാൻ ശ്രമിയ്ക്കുകയും ചെയ്ത ഇടതുപക്ഷത്തെ നാലാം ലോകവാദികൾ സിവിൽസമൂഹത്തെയും "സാമൂഹിക മൂലധന"ത്തിന്റെ രൂപീകരണത്തെയും ഉയർത്തിപ്പിടിച്ചു എന്നത് യാദൃച്ഛികമല്ല. കേരളം കണ്ട ഏറ്റവും വലിയ വങ്കൻ പദ്ധതികളിലൊന്നായ "ജനകീയാസൂത്രണം" സിവിൽ സമൂഹത്തെയും സാമൂഹിക മൂലധനത്തെയും തൊട്ടാണ് ആണയിട്ടുകൊണ്ടിരുന്നത്. പങ്കാളിത്ത ജനാധിപത്യം എന്ന പേരിട്ടു വിളിച്ചിരുന്ന ഈ പരിപാടിക്ക് ജനാധിപത്യവുമായി ബന്ധമൊന്നും ഉണ്ടായിരുന്നില്ല.**

മായത്. ഭരണകൂടേതരമായ ഒരിടം എന്നത് സാർവലൗകികാവശ്യമല്ല. അത് ഒരു പ്രത്യേക ചരിത്രഘട്ടത്തിൽ "സ്വാതന്ത്ര്യം" എന്ന ആശയത്തിന് മൂർത്തരൂപം നല്കാൻവേണ്ടി രൂപം കൊടുത്ത ആശയമാണ്. ഭരണകൂടം ഇടപെടരുത് എന്നു സ്മിത്തു പറയുന്നത് "ഫ്യൂഡൽ രാജാധികാര ഭരണകൂടം" ഇടപെടരുത് എന്ന അർത്ഥത്തിലാണ്--അദ്ദേഹം അങ്ങനെ വ്യക്തമാക്കുന്നില്ലെങ്കിലും. സ്മിത്തിന്റെ രാഷ്ട്രീയ സമ്പദ്ശാസ്ത്രം സ്വാതന്ത്ര്യത്തിന്റെ പ്രത്യയശാസ്ത്രവും ഹേഗലിന്റെ സിവിൽസമൂഹം സ്വതന്ത്രവ്യക്തികളുടെ ആഗ്രഹപൂർത്തീകരണത്തിനുള്ള പാരസ്പര്യത്തിലധിഷ്ഠിതവും "സാമൂഹിക മൂലധനം" ഉല്പാദിപ്പിയ്ക്കുന്നതുമായ സ്വതന്ത്രമണ്ഡലവുമാകുന്നത് ഈ ഫ്യൂഡൽ രാജാധികാര ഭരണകൂടത്തിന്റെ മുമ്പിലാണ്. അതിനപ്പുറം ഇവയ്ക്ക് സ്വാതന്ത്ര്യവുമായോ ജനാധിപത്യവുമായോ അനശ്വരമായ ബന്ധങ്ങളൊന്നുമില്ല.

സിവിൽസമൂഹത്തെ "സ്വാതന്ത്ര്യ"ത്തിന്റെ മണ്ഡലമായി മുൻകൂർ നിർവചിച്ചുകൊണ്ട് ഒരു രാഷ്ട്രീയ പ്രയോഗം പുത്തൻസാമൂഹികപ്രസ്ഥാനങ്ങൾക്ക് സ്വീകരിയ്ക്കാനാവില്ല. പോസ്റ്റ് മാർക്സിസ്റ്റുകളും മതവും ബൂർഷ്വാ ഉദാരവാദികളും ഒരുപോലെ കോളനൈസ് ചെയ്തിരിക്കുന്ന ഒരു മേഖലയാണ് സമകാല സിവിൽസമൂഹം. പുത്തൻ സാമൂഹികപ്രസ്ഥാനങ്ങളെ തള്ളിപ്പറയുകയും അവയുടെ രാഷ്ട്രീയത്തിന്റെ ചില അംശങ്ങൾ സ്വാംശീകരിയ്ക്കാൻ ശ്രമിയ്ക്കുകയും ചെയ്ത ഇടതുപക്ഷത്തെ നാലാം ലോകവാദികൾ സിവിൽസമൂഹത്തെയും "സാമൂഹിക മൂലധന"ത്തിന്റെ രൂപീകരണത്തെയും ഉയർത്തിപ്പിടിച്ചു എന്നത് യാദൃച്ഛികമല്ല. കേരളം കണ്ട ഏറ്റവും വലിയ വങ്കൻ പദ്ധതികളിലൊന്നായ "ജനകീയാസൂത്രണം" സിവിൽ സമൂഹത്തെയും സാമൂഹിക മൂലധനത്തെയും തൊട്ടാണ് ആണയിട്ടുകൊണ്ടിരുന്നത്. പങ്കാളിത്ത ജനാധിപത്യം എന്ന പേരിട്ടു വിളിച്ചിരുന്ന ഈ പരിപാടിക്ക് ജനാധിപത്യവുമായി ബന്ധമൊന്നും ഉണ്ടായിരുന്നില്ല. സിവിൽസമൂഹത്തിലെ വികസന ഉദാരവാദ സംഘടനകളുമായുണ്ടാക്കിയ ചങ്ങാത്തമായിരുന്നു അതിന്റെ രാഷ്ട്രീയാടിസ്ഥാനം. ഇത്തരം സംഘടനകൾ സിവിൽസമൂഹത്തിന്റെ ജീർണ്ണ വശത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. സിവിൽ സമൂഹത്തിന്റെ അരാഷ്ട്രീയവൽക്കരണമാണ് അവയുടെ ലക്ഷ്യം. അങ്ങനെ സിവിൽസമൂഹത്തെ ഭരണകൂടത്തിന്റെ നോക്കുകുത്തിയാക്കി മാറ്റുക എന്ന പ്രത്യയശാസ്ത്ര ദൗത്യമാണ് ജനകീയാസൂത്രണം നിർവ്വഹിച്ചത്. എന്നാൽ ഇവരെ എതിർക്കുന്നുവെന്നു നടിയ്ക്കുന്ന "പാരമ്പര്യ" വാദികളാവട്ടെ, പരിമിതമായ സ്വാതന്ത്ര്യംപോലും ഭരണകൂടത്തിനു സമർപ്പിച്ച് ചരിത്രത്തിൽ "മോക്ഷം" പ്രാപിയ്ക്കുന്ന "വ്യക്തി"യെയാണ് മുന്നിൽ കാണുന്നത്. വിപ്ലവവും വ്യക്തിയുടെ "നിർവ്വാണ"മാണ് ഇവർക്ക്. കാറ്റിനെയും വെളിച്ചത്തെയും ഭയപ്പെടുന്ന കടവാവലുകൾ തൂങ്ങിക്കിടക്കുന്ന പ്രത്യയശാസ്ത്രങ്ങളുടെ ഫ്യൂഡൽ കോട്ടകൾ കാക്കുന്ന ഡ്രാക്കുളമാരായി ഇവർ വാഴുകയാണ്. ഇവരും എതിർക്കുന്നത് പുത്തൻ സാമൂഹിക പ്രസ്ഥാനങ്ങളെയാണ്. പുത്തൻ സാമൂഹികപ്രസ്ഥാനങ്ങൾ സാമൂഹിക ജീവിതത്തിലേക്ക് കൊണ്ടുവരുന്ന കാറ്റിനെയും വെളിച്ചത്തെയും എതിർക്കാനുള്ള മറയാണ് ഇവർക്ക് "പരിഷ്കരണവാദി"കളോടുള്ള മുറുമുറുപ്പ്. ഈ രണ്ടു ചേരികളും സിവിൽസമൂഹത്തിന്റെ രാഷ്ട്രീയവൽക്കരണത്തിന് എതിർ നില്ക്കുന്ന ശക്തികളാണ്. ഒന്നാമത്തെ വിഭാഗം വികസന ഉദാരവാദികളുമായുള്ള ചങ്ങാത്തത്തിൽ സിവിൽ സമൂഹത്തെ പാർട്ടിവൽക്കരിയ്ക്കുകയും അതിന്റെ വിമോചനപ്രവണതകളെ നശിപ്പിയ്ക്കുകയും ചെയ്യുന്നു. രണ്ടാമത്തെ കൂട്ടർ പുത്തൻ സാമൂഹികപ്രസ്ഥാനങ്ങളെ സിവിൽ സമൂഹത്തിലെ വികസന ഉദാരവാദികളെന്ന് തെറ്റായി കണ്ടെത്തുകയും പുത്തൻ സാമൂഹികപ്രസ്ഥാനങ്ങൾ പ്രതിനിധാനം ചെയ്യുന്ന വിമോചനത്തിന്റെ രാഷ്ട്രീയത്തെ വെറുക്കുകയും ചെയ്യുന്നു. ഇവരോട് അനുഭാവം പുലർത്തിക്കൊണ്ട് "വിളിയ്ക്കാത്ത" സമ്മേളനത്തിന് പോകില്ലെന്ന് ശഠിയ്ക്കുന്ന ഫെമിനിസ്റ്റ് എഴുത്തുകാരി ചൂലെടുക്കേണ്ടത് ആർക്കെതിരെയെന്ന് തിരിച്ചറിയാത്ത ഗതികേടിലാണ്. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. ഫെമിനിസ്റ്റ് പ്രസ്ഥാനമടക്കമുള്ള കേരളത്തിലെ പുത്തൻ സാമൂഹിക പ്രസ്ഥാനങ്ങൾ നേരിടുന്ന രൂക്ഷമായ സ്വത്വപ്രതിസന്ധിയുടെ ഭാഗമാണ് ഇത്തരം 'നിലപാടില്ലായ്ക'കളിലൂടെ വെളിപ്പെടുന്നത്. യാഥാസ്ഥിതിക കമ്മ്യൂണിസ്റ്റ് പാർട്ടികൾക്കുള്ളിലെ അധികാര വടംവലികളിൽ പക്ഷം പിടിച്ചുകൊണ്ടല്ല, ഇരുപക്ഷങ്ങളുടെയും രാഷ്ട്രീയത്തെയും പ്രതിലോമ പ്രത്യയശാസ്ത്രത്തെയും എതിർത്തുകൊണ്ടാണ് പുത്തൻ സാമൂഹികപ്രസ്ഥാനങ്ങൾ അസ്തിത്വമുറപ്പിയ്ക്കേണ്ടത്. ഇത്തരമൊരു രാഷ്ട്രീയ പ്രയോഗത്തിലൂടെ- സോഷ്യൽ ഫാസിസ്റ്റ്, മതാധിപത്യ വികസന ഉദാരവാദ അച്ചുതണ്ടിന്റെ രാഷ്ട്രീയത്തെ എതിർക്കുന്ന രാഷ്ട്രീയ പ്രയോഗത്തിലൂടെയാണ് സിവിൽസമൂഹത്തിന്റെ രാഷ്ട്രീയം തിരിച്ചുപിടിയ്ക്കാൻ കഴിയുന്ന സമരങ്ങൾക്ക് പുത്തൻ സാമൂഹിക പ്രസ്ഥാനങ്ങൾ രൂപം കൊടുക്കേണ്ടത്.

## സിവിൽസമൂഹം വിവരസാങ്കേതികസമൂഹമാവുമ്പോൾ

**മാനുവൽ കാസ്തൽസ് എന്ന ചിന്തകന്റെ നെറ്റ്‌വർക്ക് സമൂഹം (Network Society) എന്ന സങ്കല്പനം ഇന്നേറെ ചർച്ച ചെയ്യപ്പെടുന്നുണ്ട്. സിവിൽ സമൂഹത്തെക്കുറിച്ചും**

വികസനത്തെക്കുറിച്ചും പുത്തൻ സാമൂഹികപ്രസ്ഥാനങ്ങളും വിവരസാങ്കേതികവിദ്യയുമായുള്ള ബന്ധത്തെക്കുറിച്ചുള്ള ചർച്ചകൾക്ക് ആക്കം കൂട്ടാൻ കാസ്തൽസിന്റെ കൃതികൾ കാരണമായിട്ടുണ്ട്. അദ്ദേഹത്തിന്റെ രാഷ്ട്രീയത്തെക്കുറിച്ചുമുള്ള സന്ദേഹങ്ങൾ നിലനില്ക്കുമ്പോൾതന്നെ ഒരു ഗവേഷകന്റെ നിലയിലുള്ള അദ്ദേഹത്തിന്റെ സംഭാവനകൾ അവഗണിയ്ക്കാനാവാത്തതാണ്. വർഷങ്ങൾക്ക് മുമ്പ് ഒരു അൽത്തൂസ്സേറിയൻ മാർക്സിസ്റ്റായാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. അൽത്തൂസറുടെ "ജ്ഞാനസിദ്ധാന്തപരമമായ വിച്ഛേദം" എന്ന പഴയ സങ്കല്പത്തിൽ (അന്നത്തെ പുതുമ!) കടിച്ചുതൂങ്ങി അർബൻ സോഷ്യോളജിയെക്കുറിച്ച് ഒരു ഗ്രന്ഥം അദ്ദേഹം രചിച്ചിരുന്നു. നഗരങ്ങൾ കേന്ദ്രീകരിച്ചു ശക്തമാവുന്ന സാമൂഹികപ്രസ്ഥാനങ്ങളെക്കുറിച്ചും നഗരവൽക്കരണത്തെക്കുറിച്ചുമുള്ള അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾ എന്റെ ചില മുൻകാല ലേഖനങ്ങളിലും ഗവേഷണ പ്രബന്ധങ്ങളിലും പരാമർശിച്ചിട്ടുള്ളതാണ്. അന്നത്തെ അദ്ദേഹത്തിന്റെ രാഷ്ട്രീയവും സന്ദിഗ്ദ്ധമായിരുന്നു. 1968-ലെ വിദ്യാർത്ഥി കലാപം "ആരംഭിച്ചത്" നാന്റേർ ക്യാമ്പസിലെ അദ്ദേഹത്തിന്റെ ക്ലാസ്സുമുറിയിൽ നിന്നാണെന്ന് പറയാറുണ്ടെങ്കിലും ആ കലാപത്തെ എതിർത്തിരുന്ന 'അൽത്തൂസർ ശിഷ്യ'നായിരുന്നു അദ്ദേഹം. അതുകൊണ്ടാണ് സ്വന്തം ക്ലാസ്സുമുറിയിൽനിന്ന് ഡാനിയൽ കോൻ ബെൻഡിറ്റും മറ്റു വിദ്യാർത്ഥികളും ചേർന്നു തുടങ്ങിയ കലാപത്തിന് "ഞാൻ ഉത്തരവാദിയല്ല" എന്ന് അദ്ദേഹം ആണയിട്ടുകൊണ്ടിരുന്നത്. നെറ്റ്വർക്ക് സമൂഹമെന്ന സങ്കല്പനത്തിന്റെ പശ്ചാത്തലത്തിൽ കാസ്തൽസ് ഉയർത്തുന്ന രാഷ്ട്രീയത്തിനും സന്ദേഹങ്ങളുടെ അകമ്പടിയുണ്ട്. അസമീക്ഷ്യമായി ചിന്തകന്മാരെ സ്വാംശീകരിക്കുകയും പിന്നീട് തള്ളിക്കളയുകയും ചെയ്യുന്ന, ഇതുരണ്ടും അങ്ങേയറ്റത്തെ ലാഘവബുദ്ധിയോടെ ചെയ്യുന്ന, ഒരു ധൈഷണിക പാരമ്പര്യം കേരളത്തിലുണ്ടെന്നതിനാലാണ് കാസ്തൽസിന്റെ പേരു സൂചിപ്പിച്ചപ്പോൾ ഇത്രയും ആമുഖമായി എഴുതിയത്. കാസ്തൽസിന്റെ നെറ്റ് വർക്ക് സമുദായം ഒരർത്ഥത്തിൽ മുതലാളിത്താനന്തര സിദ്ധാന്തങ്ങളുടെ ആകത്തുകയും അതേസമയം അവയോടുള്ള വിമർശനവുമാണ്. നെറ്റ്വർക്ക് സമുദായം ഒരു സാങ്കേതികപ്രതിഭാസം മാത്രമല്ലെന്നും അത് നവീന രീതിയിലുള്ള ഒരു സാമൂഹിക സംവിധാനമാണെന്നും പറയുന്നതിലൂടെ, മുതലാളിത്താനന്തര സിദ്ധാന്തങ്ങൾക്കിടയിലേയ്ക്ക് അദ്ദേഹം ഒരു പുതിയ സങ്കല്പനംകൂടി ഇറക്കിവിടുന്നു. എന്നാൽ ഈ സാമൂഹികസംവിധാനം നിലവിലുള്ള മുതലാളിത്ത സംവിധാനത്തെ തകർക്കുന്നതും കൂടുതൽ ജനാധിപത്യപരവുമാണെന്നുള്ള പോസ്റ്റ്-മാർക്സിസ്റ്റ് വികസന ഉദാരവാദ സമീപനങ്ങളോട് അദ്ദേഹം യോജിയ്ക്കുന്നില്ല. എന്നാൽ എവിടെയാണ് ഹേഗൽ-മാർക്സ് വ്യാഖ്യാനങ്ങളുടെ സീമയിൽനിന്ന് അദ്ദേഹം കുതറിമാറുന്നതെന്നും സിവിൽ സമൂഹത്തെക്കുറിച്ചുള്ള 'വിവര സാങ്കേതിക വീക്ഷണം' അവതരിപ്പിയ്ക്കുന്നതെന്നും തിരിച്ചറിയേണ്ടിയിരിക്കുന്നു. അവിടെയാണ് പുത്തൻ സാമൂഹികപ്രസ്ഥാനങ്ങളുടെയും ഈ 'പുതിയ' ലോകത്തിന്റെയും അസ്തിത്വപ്രതിസന്ധികൾ മനസ്സിലാക്കുന്നതിനുള്ള അടയാളങ്ങൾ അദ്ദേഹം ഒളിപ്പിച്ചുവച്ചിരിയ്ക്കുന്നത്. വ്യക്തിയുടെ നിലനില്പിനെയും അഭിജ്ഞാനത്തെയും കുടുംബം, സിവിൽ സമൂഹം, ഭരണകൂടം എന്നീ ചരിത്രരൂപങ്ങളുമായി ബന്ധപ്പെടുത്തി മനസ്സിലാക്കുന്ന സമീപനം ഉപേക്ഷിയ്ക്കാനാണ് അദ്ദേഹം പരോക്ഷമായി ആവശ്യപ്പെടുന്നത്. പകരം "നെറ്റ്-സെൽഫ്" എന്ന ഉഭയ വിഭജനത്തിന്റെ അടിസ്ഥാനത്തിൽ രൂപംകൊള്ളുന്നതാണ് പുതിയ നെറ്റ്വർക്ക് സമൂഹം. അതായത് വ്യക്തിയും നെറ്റ്വർക്കുമായുള്ള ബന്ധമാണ് നിർണ്ണായകം. സാങ്കേതികവിദ്യ കൂടുതൽ കൂടുതൽ അധികാരവികേന്ദ്രീകരണത്തിനു കാരണമാകുമെന്ന ഈ പ്രത്യയശാസ്ത്രം മൂന്നാം ലോകരാജ്യങ്ങളിലെ വികസന ഉദാരവാദികളുടെ കൈയിൽ ഏറ്റവും ശക്തമായ ആയുധമായിരിക്കുകയാണ്.

സാങ്കേതികവിദ്യ സിവിൽസമൂഹത്തിന്റെ നിയമങ്ങളെ മാറ്റി മറിയ്ക്കുന്നുവെന്നും അത് പുത്തൻ സാമൂഹികപ്രസ്ഥാനങ്ങളെ അപ്രസക്തമാക്കുന്നുവെന്നും അഥവാ പുത്തൻ സാമൂഹികപ്രസ്ഥാനങ്ങൾക്ക് നിലനില്ക്കണമെങ്കിൽ സാങ്കേതികവിദ്യയുമായി സന്ധിചെയ്യണമെന്നുമുള്ള സന്ദേശം കാസ്തൽസ് അടക്കമുള്ള പല ചിന്തകന്മാരുടെയും കൃതികളിൽനിന്നും പെറുക്കിക്കൂട്ടാൻ കഴിയും. സിവിൽസമൂഹവും ഭരണകൂടവുമായുള്ള ബന്ധത്തെ സാങ്കേതികവിദ്യ പുനർനിർവചിയ്ക്കുന്നുണ്ടോ എന്നതാണ് ഈ സന്ദർഭത്തിലെ ഏറ്റവും പ്രസക്തമായ ചോദ്യം. ഒരു വശത്ത് സ്വാതന്ത്ര്യത്തിന്റെ ചാലുകൾ വെട്ടിത്തുറക്കുമ്പോൾ മറുവശത്ത് പുത്തൻ സാങ്കേതികവിദ്യ അധീശത്വത്തിന്റെ വാമനച്ചുവട് വ്യക്തിയുടെ ശിരസ്സിൽ അമർത്തുകയാണ്. സിവിൽസമൂഹത്തെ സാങ്കേതികവിദ്യയിലൂടെ മെരുക്കി ഭരണകൂടത്തിന്റെ ഭാഗമാക്കുക എന്ന പദ്ധതി ഒരു വശത്ത് പോസ്റ്റ് മാർക്സിസ്റ്റുകൾ "ആസൂത്രണം" ചെയ്യുമ്പോൾ വികസന ഉദാരവാദികൾ ഈ പുതിയ സിവിൽ സമൂഹ-ഭരണകൂട ബാന്ധവത്തെ സ്വതന്ത്ര വിപണിയിൽ "പബ്ലിക്-പ്രൈവറ്റ്" പാർട്ണർഷിപ്പായി പുനരവതരിപ്പിക്കുന്നു. സിവിൽസമൂഹത്തെ വിപണിയ്ക്കും ഭരണകൂടത്തിനും കീഴ്പ്പെടുത്താനുള്ള പുത്തൻ മാദ്ധ്യമമായി സാങ്കേതികവിദ്യ മാറുന്നു എന്നത് പുതിയ സാമൂഹികപ്രസ്ഥാനങ്ങൾക്ക് തള്ളിക്കളയാനാവാത്ത യാഥാർത്ഥ്യമാണ്. ഇന്ന്

**സിവിൽസമൂഹത്തെ സാങ്കേതികവിദ്യയിലൂടെ മെരുക്കി ഭരണകൂടത്തിന്റെ ഭാഗമാക്കുക എന്ന പദ്ധതി ഒരുവശത്ത് പോസ്റ്റ് മാർക്സിസ്റ്റുകൾ "ആസൂത്രണം" ചെയ്യുമ്പോൾ വികസന ഉദാരവാദികൾ ഈ പുതിയ സിവിൽ സമൂഹ-ഭരണകൂട ബാന്ധവത്തെ സ്വതന്ത്ര വിപണിയിൽ "പബ്ലിക്-പ്രൈവറ്റ്" പാർട്ണർഷിപ്പായി പുനരവതരിപ്പിയ്ക്കുന്നു. സിവിൽസമൂഹത്തെ വിപണിയ്ക്കും ഭരണകൂടത്തിനും കീഴ്പ്പെടുത്താനുള്ള പുത്തൻ മാദ്ധ്യമമായി സാങ്കേതികവിദ്യ മാറുന്നു എന്നത് പുതിയ സാമൂഹികപ്രസ്ഥാനങ്ങൾക്ക് തള്ളിക്കളയാനാവാത്ത യാഥാർത്ഥ്യമാണ്.**

ഇൻഡ്യയുടെ പല ഭാഗങ്ങളിലും കേരളത്തിൽതന്നെയും നടക്കുന്ന ഇ-ഗവേണൻസ് (e-governance) ഇ-വികസന (e-development) പദ്ധതികൾ പലതും പുതിയ നെറ്റ്വർക്ക്

**ഈ നിലപാടിനെ, വലതു സർക്കാരുകളുടെ കാലത്ത് നിഷേധാത്മക പ്രവണതകൾക്കെതിരേ രംഗത്തു വരികയും, ഇടതു സർക്കാരുകൾ അതേ നയങ്ങൾ നടപ്പിലാക്കുമ്പോൾ "പദ്ധതി നിർവ്വഹണ"ത്തിനു മുന്നിട്ടിറങ്ങുകയും ചെയ്യുന്ന ശാസ്ത്രസാഹിത്യപരിഷത്ത് പോലുള്ള സംഘടനകളുടെ അവസരവാദ സമീപനവുമായി താരതമ്യം ചെയ്യേണ്ടതില്ല.**

സമൂഹത്തിന്റെ വ്യാപനത്തിനും അതുവഴി വിപണിയുടെയും വിപണിയ്ക്ക് കൂട്ടുനില്ക്കുന്ന ഉപകരണം മാത്രമായി ഭരണകൂടത്തെ കാണുകയും ചെയ്യുന്ന സമീപനത്തിനും ഉദാഹരണമാണ്. സിവിൽ സമൂഹമോ, പുത്തൻ വിവരസാങ്കേതിക സമൂഹമോ-നൈസർഗ്ഗിക സ്വാതന്ത്ര്യത്തിന്റെ സ്വർഗ്ഗഗേഹങ്ങളല്ല. അധീശത്വത്തിന്റെയും ജനാധിപത്യവിരുദ്ധതയുടെയും രാഷ്ട്രീയം വിളയുന്ന ചതിച്ചതുപ്പുകളാണ് ഇവയെന്നു തിരിച്ചറിഞ്ഞാൽ മാത്രമേ പുത്തൻ സാമൂഹികപ്രസ്ഥാനങ്ങൾക്ക് സ്വന്തം രാഷ്ട്രീയത്തെ ശക്തിപ്പെടുത്താൻ കഴിയുകയുള്ളു. പുത്തൻ സാമൂഹികപ്രസ്ഥാനങ്ങൾ വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് രാഷ്ട്രീയ പ്രവർത്തനം സംഘടിപ്പിയ്ക്കുന്നതിനെക്കുറിച്ച് കാസ്തൽസ് പലപ്പോഴും വാചാലനാകുന്നുണ്ട്. ഇങ്ങനെയൊരു സാദ്ധ്യത നിലനില്ക്കുമ്പോൾതന്നെ അതു സാദ്ധ്യമാക്കുന്ന ഘടനകൾക്ക് കാസ്തൽസ് കരുതുന്ന സ്വാച്ഛന്ദ്യമോ മുതലാളിത്തേതരമായ നിലനില്പോ ഇല്ലെന്നു മനസ്സിലാക്കാനും നമുക്ക് ബാദ്ധ്യതയുണ്ട്.

## സാമൂഹികപ്രസ്ഥാനങ്ങളുടെ പ്രതിസന്ധി

സിവിൽസമൂഹത്തെ വിപണിയും ഭരണകൂടവും ചേർന്ന് വിഴുങ്ങുന്നതും 'വിവരസാങ്കേതിക സമൂഹം' പഴയ സമരരൂപങ്ങൾക്ക് വെല്ലുവിളികൾ ഉയർത്തുന്നതും പുത്തൻ സാമൂഹികപ്രസ്ഥാനങ്ങൾക്ക് കേരളം പോലുള്ള പ്രദേശങ്ങളിൽ ശക്തമായ വെല്ലുവിളിയാണുയർത്തുന്നത്. ആഗോളവൽക്കരണത്തെ എതിർക്കണമെങ്കിൽ സാമൂഹികപ്രസ്ഥാനങ്ങൾ സ്വയം ആഗോളവൽക്കരിയ്ക്കേണ്ടിയിരിയ്ക്കുന്നു എന്നാണ് വിവരസാങ്കേതികവിദ്യയിലെ മുന്നേറ്റങ്ങളുടെ അർത്ഥമെന്ന് പറയുന്നവരുണ്ട്. അതുപോലെ സിവിൽസമൂഹത്തിന്റെ വിവരസാങ്കേതികവൽക്കരണം സാമൂഹികതയിൽനിന്ന് നെറ്റിലൂടെയുള്ള ബന്ധങ്ങളിലേക്ക്- അതായത് collectivityയിൽനിന്ന് connectivity-യിലേക്ക് വഴിമാറുന്നുവെന്നും സിദ്ധാന്തങ്ങളുണ്ടാവുന്നു. അതേസമയം തന്നെ വികസനപരവും സാമ്പത്തികവുമായ അന്താരാഷ്ട്ര അസമത്വങ്ങളും പ്രാദേശികാസമത്വങ്ങളും പരിഹരിയ്ക്കുന്നതിനുള്ള ഒരേയൊരുവഴി ഡിജിറ്റൽ അസമത്വങ്ങൾ ഇല്ലാതാക്കുക മാത്രമാണെന്നുള്ള സൈബർ ഉദാരവാദവും ശക്തമായിക്കൊണ്ടിരിയ്ക്കുന്നു. യന്ത്രങ്ങളോടും സാങ്കേതികവിദ്യയോടുമുള്ള പുത്തൻ സാമൂഹികപ്രസ്ഥാനങ്ങളുടെ നിലപാടുകളാണ് പരക്കെ ചോദ്യം ചെയ്യപ്പെടുന്നത്. എന്നാൽ സാങ്കേതികവിദ്യയോട് എക്കാലത്തേയ്ക്കും പര്യാപ്തമായ ഒരു സമീപനം കൈക്കൊള്ളുക എന്നത് സാദ്ധ്യമല്ല എന്നതാണ് യാഥാർത്ഥ്യം. എക്സ്പ്രസ്—വേ—വേണമോ വേണ്ടയോ എന്നത് എക്കാലത്തേയ്ക്കും നിലനില്ക്കാവുന്ന ഒരു തീർപ്പല്ല. എക്സ്പ്രസ് വേ വേണ്ട എന്നു പറയുന്നത് അതു പ്രതിനിധാനം ചെയ്യുന്ന സാങ്കേതികവിദ്യയോടുള്ള എതിർപ്പാവണമെന്നില്ല. ഏതു ഘട്ടത്തിൽ എവിടെ ആരുടെ നന്മയ്ക്കുവേണ്ടി പാത പണിയുന്നു എന്നതാണ് പുത്തൻ സാമൂഹികപ്രസ്ഥാനങ്ങൾ അന്വേഷിയ്ക്കുന്നത്. നിലപാടുകൾ കൈക്കൊള്ളുന്നത് ആവശ്യങ്ങളെ ചരിത്രവൽക്കരിച്ചുകൊണ്ടാവണമെന്നതാണ് പുത്തൻ സാമൂഹിക പ്രസ്ഥാനങ്ങളുടെ രാഷ്ട്രീയം. (ഈ നിലപാടിനെ, വലതു സർക്കാരുകളുടെ കാലത്ത് നിഷേധാത്മക പ്രവണതകൾക്കെതിരേ രംഗത്തു വരികയും, ഇടതു സർക്കാരുകൾ അതേ നയങ്ങൾ നടപ്പിലാക്കുമ്പോൾ "പദ്ധതി നിർവ്വഹണ"ത്തിനു മുന്നിട്ടിറങ്ങുകയും ചെയ്യുന്ന ശാസ്ത്രസാഹിത്യപരിഷത്ത് പോലുള്ള സംഘടനകളുടെ അവസരവാദ സമീപനവുമായി താരതമ്യം ചെയ്യേണ്ടതില്ല. പരിഷത്തിന്റെ നിലപാടുകളെക്കൂടി എതിർത്തുകൊണ്ടാണ് കേരളത്തിൽ പുത്തൻസാമൂഹിക പ്രസ്ഥാനങ്ങൾ—ഫെമിനിസ്റ്റ് പ്രസ്ഥാനവും ആണവവിരുദ്ധപ്രസ്ഥാനവും, ആദിവാസി—ദളിത് പ്രസ്ഥാനങ്ങളും—ഗണനീയമായ ആശയ-ഭൗതികശക്തികളായി മാറിയത് എന്നത് വിസ്മരിയ്ക്കാനാവില്ല.)

സിവിൽസമൂഹത്തെ വിഴുങ്ങാനായുന്ന വിപണിയുടെയും ഭരണകൂടത്തിന്റെയും ശ്രമങ്ങളെയും വികേന്ദ്രീകരണ നാട്യങ്ങളുള്ള വിവരസാങ്കേതിക സമൂഹത്തിലെ മൂലധന അധികാര കേന്ദ്രീകരണത്തെയും സിവിൽ സമൂഹത്തിനുള്ളിലെ ജീർണ്ണതകളെയും പ്രതിരോധിച്ച് പുതിയ രാഷ്ട്രീയം ഉയർത്തിപ്പിടിയ്ക്കാനാണ് പുത്തൻ സാമൂഹികപ്രസ്ഥാനങ്ങൾ ശ്രമിയ്ക്കേണ്ടത്. ദൈനംദിന സമരങ്ങളുടെ അടിസ്ഥാന രാഷ്ട്രീയം തിരിച്ചറിയുക എന്നത് ഈ പുതിയ രാഷ്ട്രീയം ഉയർത്തിപ്പിടിയ്ക്കുന്നതിന് അത്യന്താപേക്ഷിതമാണ്. എന്താണ് ഈ അടിസ്ഥാനരാഷ്ട്രീയം? ഇതിന് രണ്ടു വശങ്ങളാണുള്ളത്: ഒന്ന്, വിപണിയും സിവിൽസമൂഹവും ഭരണകൂടവും തമ്മിലുള്ള ഇന്നത്തെ ബന്ധത്തെ ആക്രമിയ്ക്കുക. ഫ്യൂഡൽ രാജാധികാര ഭരണകൂടത്തിന്റെ കർത്തവ്യങ്ങൾ മാത്രം ആധുനിക ഭരണകൂടം അനുഷ്ഠിച്ചാൽ മതിയെന്ന വിപണിയുടെ പ്രത്യയശാസ്ത്രത്തെ ചെറുത്തുകൊണ്ടു മാത്രമേ, പ്രാതിനിധ്യ ജനാധിപത്യത്തിന്റെ വിപ്ലവാത്മകതയെ രാഷ്ട്രീയോർജ്ജമാക്കി മാറ്റാൻ പുത്തൻ സാമൂഹികപ്രസ്ഥാനങ്ങൾക്ക് കഴിയുകയുള്ളൂ. രണ്ട്, സിവിൽ സമൂഹത്തിന്റെ ആന്തരികവൈരുദ്ധ്യങ്ങൾ തിരിച്ചറിയുക. എല്ലാത്തരം പ്രതിലോമശക്തികളുടെയും അവസാനത്തെ അഭയമായി മാറിയിരിയ്ക്കുന്ന സിവിൽ സമൂഹത്തെയും അതിന്റെ ജീർണ്ണതകളെയും നിരന്തരമായും ശക്തമായും ആക്രമിയ്ക്കുക. മറ്റൊരർത്ഥത്തിൽ വിപണിയുടെ അമിതാധികാരത്തെ ചെറുക്കുന്നതിന് സിവിൽസമൂഹത്തിന്റെ രാഷ്ട്രീയം തിരിച്ചുപിടിയ്ക്കുക; ഭരണകൂടത്തിന്റെ സാദ്ധ്യതകളെ തിരിച്ചുപിടിയ്ക്കുക.